LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വം ബോർഡുകളെ സ്വയംപര്യാപ്തമാക്കൽ

90(5537) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം വിവിധ ദേവസ്വം ബോർഡുകൾക്കും ആരാധനാലയങ്ങൾക്കും സാമ്പത്തിക പ്രതിസന്ധിയുണ്ടായതും സർക്കാർ സഹായം കൊണ്ടുമാത്രം ജീവനക്കാർക്ക് ശമ്പളം നൽകുന്നതുൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കി?

(എ&ബി) ഉണ്ട്. കോവിഡുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ ആകെ 175.07 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 100 കോടി 80 ലക്ഷം രൂപ (കോവിഡ് പാക്കേജ് ഇനത്തിൽ 10 കോടി രൂപയും, 2019-20, 2020-21 വർഷങ്ങളിൽ വാർഷിക വിഹിതം ഇനത്തിൽ കുടിശ്ശികയായ 80 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു.)

കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി രൂപ

മലബാർ ദേവസ്വം ബോർഡ് - 49.12 കോടി രൂപ

കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം രൂപ.

(സി) പ്രസ്തുത പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി ബോർഡുകളുടെ അധീനതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തി പുതിയ മാർഗ്ഗങ്ങളവലംബിച്ച് വരുമാനം ഉറപ്പാക്കി ഇവയെ സ്വയംപര്യാപ്തമാക്കാമെന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടുവോ;

&

(ഡി) എങ്കിൽ ഇതിനായി ദേവസ്വങ്ങളും സർക്കാരും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-7-2021-ൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്ര ആവശ്യങ്ങൾക്കായി വിവാദങ്ങൾക്കിടവരുത്താത്തവിധം പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോപ്ലക്സും നിർമ്മിച്ച് വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്തുവരുന്നു.

ചേരിക്കലം കൊട്ടാരം

91(5538) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വത്തിനുകീഴിൽ നാട്ടിക നിയോജക മണ്ഡലത്തിലെ ചേർപ്പിൽ സ്ഥിതി ചെയ്യുന്ന ചേരിക്കലം കൊട്ടാരം ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ കൊട്ടാരം സംരക്ഷിത സ്മാരക പദവിയിലേക്ക് മാറ്റുന്നതിന് പുരാവസ്തു വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

ചേരിക്കലം കൊട്ടാരം സംരക്ഷിത സ്മാരക പദവിയിലേക്ക് മാറ്റുന്നത് സംബന്ധിച്ച് പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ഇവിടെ സാംസ്കാരിക വകുപ്പുമായി ചേർന്ന് സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ഡി) ടൂറിസം വകുപ്പുമായി ചേർന്ന് ഹെറിറ്റേജ് ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) ചേരിക്കലം കൊട്ടാരത്തിൽ സാംസ്കാരിക വകുപ്പുമായി ചേർന്ന് സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും ടൂറിസം വകുപ്പുമായി ചേർന്ന് ഹെറിറ്റേജ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതും പരിശോധിക്കാവുന്നതാണ്.